പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4819 — 19.05.2017 ന് മറുപടിയ്ക്ക്.

## ഐ.ടി.ഐ.കളുടെ നിലവാരമുയർത്തൽ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഐ.ടി.ഐ.കളുടെ നിലവാരമുയർത്തൽ പദ്ധതിയിൻ കീഴിൽ ഏതെല്ലാം സർക്കാർ ഐ.ടി.ഐ.കൾ ക്കാണ് ധനസഹായം നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ "പൊതു സ്വകാര്യ പങ്കാളിത്തത്തിൽ 1396 സർക്കാർ ഐ.ടി.ഐ കളുടെ നിലവാരമുയർത്തൽ പദ്ധതി" യിൻ കീഴിൽ എസ്.സി / എസ്.റ്റി വകുപ്പിന് കീഴിലുള്ള 4 ഐ.ടി.ഐകൾ ഉൾപ്പെടെ 26 സർക്കാർ ഐ.ടി.ഐ കൾക്കാണ് ധനസഹായം ലഭിച്ചത്. അവ ചുവടെ ചേർക്കുന്നു.<br><br>ഐ.ടി.ഐ ആറ്റിങ്ങൽ, ചെങ്ങന്നൂർ, കണ്ണൂർ, കോഴിക്കോട്, കാസർഗോഡ്, ചെന്നീർക്കര, കട്ടപ്പന, അരീക്കോട്, കോഴിക്കോട് (വനിത), കയ്യൂർ, അട്ടപ്പാടി, ചാത്തന്നൂർ, ചാലക്കുടി (വനിത), ചെങ്ങന്നൂർ (വനിത), കളമശ്ശേരി (വനിത), കണ്ണൂർ (വനിത), കഴക്കൂട്ടം (വനിത), കുഴൽമന്ദം, മാള, മലമ്പുഴ (വനിത), നിലമ്പൂർ, ബി.ടി.സി കൊല്ലം. എസ്.സി.ഡി.ഡി ഐ.ടി.ഐ മംഗലം, മര്യാപുരം, പന്തളം, ഏലത്തൂർ. |
| (ബി) നിലവാരമുയർത്തൽ പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുവദിച്ചത് എത്ര തുകയാണ്; അതിൽ എത്ര തുക പ്രസ്തുത പദ്ധതിയിൻ കീഴിൽ ചിലവഴിച്ചു; വിശദാംശം നൽകുമോ; | (ബി) ഒരു ഐ.ടി.ഐയ്ക്ക് 2.5 കോടി രൂപ നിരക്കിൽ 26 ഐ.ടി.ഐ കൾക്കുമായി 65 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചു. അതിൽ 61 കോടി രൂപ ഇതിനകം ചെലവായിട്ടുണ്ട്. |
| (സി) ടി പദ്ധതിയിൻ കീഴിൽ പുതുതായി ഏതെല്ലാം ഐ.ടി.ഐ.കളെയാണ് തിര ഞ്ഞെടുത്തിട്ടുള്ളത്; ജില്ല തിരിച്ച് വിശദമാക്കുമോ? | സി) ഈ പദ്ധതിയിൻ കീഴിൽ പുതുതായി ഐ.ടി.ഐ.കളെയൊന്നും തിരഞ്ഞെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ